ബേപ്പൂർ നിയോജക മണ്ഡലത്തിലെ ആയുർവേദ ഹോമിയോ ഡിസ്പെൻസറികൾ

65 (730) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിൽ എത്ര ആയുർവേദ-ഹോമിയോ ഡിസ്പെൻസറികളാണ് പ്രവർത്തിക്കുന്നത് എന്ന് വിശദമാക്കാമോ ;

(ബി) ഇവയിൽ ഓരോന്നിനും ഫണ്ട് നൽകുന്നത് ഏതെല്ലാം ഏജൻസികളാണെന്ന് വ്യക്തമാക്കാമോ ;

(സി) ഓരോയിടത്തും നിത്യേന ശരാശരി എത്ര പേർ കൺസൾട്ടിംഗിനായി എത്തുന്നുണ്ട് ;

(ഡി) ഇവയിൽ എത്രയെണ്ണത്തിന് സ്വന്തമായി കെട്ടിട സൗകര്യം ഉണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബേപ്പൂർ നിയോജകമണ്ഡലത്തിൽ അഞ്ച് ആയുർവേദ ഡിസ്പെൻസറികളും, ആറ് സർക്കാർ/എൻ.എച്ച്.എം. ഹോമിയോ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. സർക്കാർ ഹോമിയോ ഡിസ്പെൻസറികൾ ബേപ്പൂർ, രാമനാട്ടുകര, കടലുണ്ടി എന്നിവിടങ്ങളിലും എൻ.എച്ച്.എം. ഡിസ്പെൻസറികൾ കടലുണ്ടി, ചെറുവണ്ണൂർ (നല്ലളം), ഫറോക്ക് എന്നിവിടങ്ങളിലും പ്രവർത്തിക്കുന്നു.

(ബി) സർക്കാർ ആയുർവേദ ഹോമിയോ ആശുപത്രികൾക്ക് സർക്കാരിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും, എൻ.ആർ.എച്ച്.എം. ഡിസ്പെൻസറികൾക്ക് നാഷണൽ ഹെൽത്ത് മിഷനിൽ നിന്നും ഫണ്ട് ലഭ്യമാണ്.

(സി)

ആയുർവേദ ഡിസ്പെൻസറി	രോഗികളുടെ എണ്ണം
ബേപ്പൂർ	75
കടലുണ്ടി	98
മണ്ണൂർ	105
ഫറോക്ക്	120
ചെറുവണ്ണൂർ (നല്ലളം)	67

LIBRARY ARCHIVES Kerala Legislative Assembly

ഹോമിയോ ഡിസ്പെൻസറി	
ബേപ്പൂർ	80
രാമനാട്ടുകര	90
കടലുണ്ടി	60
എൻ.ആർ.എച്ച്.എം. കടലുണ്ടി	70
എൻ.ആർ.എച്ച്.എം.ഫറോക്ക്	100
എൻ.ആർ.എച്ച്.എം. ചെറുവണ്ണൂർ (നല്ലളം)	90

(ഡി) കടലുണ്ടി, മണ്ണൂർ, ഫറോക്ക്, ചെറുവണ്ണൂർ (നല്ലളം) എന്നീ ആയുർവേദ ഡിസ്പെൻസറികൾക്കും രാമനാട്ടുകര, കടലുണ്ടി എന്നീ ഹോമിയോ ഡിസ്പെൻസറികൾക്കും സ്വന്തമായി കെട്ടിട സൗകര്യമുണ്ട്.

പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ അത്യാഹിത വിഭാഗം

66 (731) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ നിത്യേന എത്ര രോഗികൾ എത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) താലൂക്ക് ആശുപത്രിയായി ഉയർത്തിയ ശേഷം അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ടും അത്യാഹിതവിഭാഗം പ്രവർത്തിക്കുന്നില്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ അത്യാഹിതവിഭാഗം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഏകദേശം 750 (എഴുന്നൂറ്റി അൻപത്) രോഗികൾ എത്തുന്നുണ്ട്.

(ബി) ആരോഗ്യവകുപ്പ് ഡയറക്ടറിൽനിന്നും അടിസ്ഥാന സൗകര്യ വികസനത്തിന് പ്രൊപ്പോസൽ ലഭിക്കുന്നമുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly